പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2167 07.12.2015 ൽ മറുപടിക്ക്

# എൽ.പി.ജി ടാങ്കറുകളുടെ സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | റോഡ് മാർഗ്ഗം ഗതാഗതം ചെയ്യപ്പെടുന്ന എൽ.പി.ജി ടാങ്കറുകൾ ഗുരുതര അപകടങ്ങളുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവയിലൂടെ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കുമോ; | (ബി) | 88 എൽ.പി.ജി. ടാങ്കർ വാഹന അപകടങ്ങളിലായി 61 പേർക്ക് ജീവനഹാനി സംഭവിച്ചിട്ടുണ്ട്. |
| (സി) | എൽ.പി.ജി ടാങ്കറുകളുടെ ഗതാഗതം അപകടരഹിതമാക്കുന്നതിന് ആവശ്യമായ നിയന്ത്രണ, മുൻകരുതൽ നടപടികൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകുമോ? | (സി) | നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം ചരക്കുകൾ കൊണ്ടു പോകുന്ന വലിയ വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. 01.10.2006 നു ശേഷം നിർമ്മിക്കപ്പെടുന്ന ഇത്തരം വാഹനങ്ങളിൽ ആന്റി ലോക്ക് ബ്രേക്കിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ഇത്തരം വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർ എല്ലാ വർഷവും അംഗീകൃത ഏജൻസികൾ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതും ആ വിവരം ഡ്രൈവിംഗ് ലൈസൻസിൽ എന്റോഴ്സ് ചെയ്തു സൂക്ഷിക്കേണ്ടതുമാണ്. ടാങ്കർ ലോറികളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും കർശനമായി പരിശോധിക്കുന്നുണ്ട്. തിരക്കേറിയ സമയങ്ങളിൽ ഇത്തരം വാഹനങ്ങൾ നഗരത്തിലേക്ക് പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ